അഴീക്കോട്-കാര-കോതപറമ്പ് റോഡ്

165 [1516] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ അഴീക്കോട്–കാര–കോതപ്പറമ്പ് റോഡ് ആധുനിക നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി ഏതു ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ഡി) ഈ പ്രവൃത്തി എന്നത്തേക്ക് നടപ്പാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) നിലവിൽ പദ്ധതിയൊന്നും തയ്യാറാക്കിയിട്ടില്ല.

(ഡി) അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

രാമമംഗലം–തൊടുപുഴ റോഡ് പണിയുടെ ഭരണാനുമതി

166 [1517] ശ്രീ. ജോണി നെല്ലൂർ:
,, ഷിബു ബേബിജോൺ:
,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമമംഗലം–തൊടുപുഴ റോഡിന്റെ ലാൻഡ് അക്വിസിഷൻ നടപടികൾ ഏത് ഘട്ടം വരെയായി;

(ബി) ഈ വർക്കിന് വേണ്ട ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് ഭരണാനുമതി നൽകുവാൻ കഴിയും;

(ഡി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 75% സ്ഥലം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ബാക്കി സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു.

(ബി) ഇല്ല.

(സി) പരിശോധിച്ചുവരുന്നു.

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാനാവുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly